പതിനാലാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. *114

05/03/2020 ൽ മറുപടിക്ക്

ഭൂരേഖകളുടെ പരിപാലനം

**ചോദ്യം**

**മറുപടി**

**ശ്രീ. യു.ആർ. പ്രദീപ്**
**" സി.കെ.ശശീന്ദ്രൻ**
**" എസ്.രാജേന്ദ്രൻ**
**" കെ.യു.ജനീഷ് കുമാർ**

**ശ്രീ.ഇ.ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഒറ്റ തണ്ടപ്പേർ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതുകൊണ്ട് ലക്ഷ്യമിടുന്ന നേട്ടം അറിയിക്കാമോ; | (എ) | സംസ്ഥാനം മുഴുവൻ ബാധകമാകുന്ന രീതിയിൽ ആധാർ അധിഷ്ഠിത യൂണിക് തണ്ടപ്പേർ പദ്ധതി നടപ്പിലാക്കുന്നതിന് 12/02/2020 ലെ സ.ഉ (സാധാ) നം. 552/2020/റവ പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതിലൂടെ ഭൂമിയുടെ ഭരണനിർവഹണം (Land Governance) മെച്ചപ്പെടുത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. കൂടാതെ സംസ്ഥാനത്തെ ഏതൊരു വ്യക്തിയുടെയും ഭൂമി സംബന്ധിച്ച വിവരങ്ങൾ ആധാർ അധിഷ്ഠിതമായി ഒറ്റ നമ്പരിനാൽ രേഖപ്പെടുത്തുന്നു എന്നത് പ്രധാന നേട്ടമാണ്. |
| (ബി) | ഭൂരേഖകളുടെ കൃത്യമായ പരിപാലനത്തിനായി ലാൻഡ് റിക്കോർഡ്സ് മോഡണൈസേഷൻ മിഷൻ പ്രാവർത്തികമാക്കിയിട്ടുണ്ടോ; | (ബി) | 25/06/2018 ലെ സ.ഉ.(കൈ)നം. 236/2018/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം കേരള ലാൻഡ് ഇൻഫർമേഷൻ മിഷൻ, കേരള സ്റ്റേറ്റ് ലാൻഡ് ബാങ്ക് എന്നിവ സംയോജിപ്പിച്ചുകൊണ്ട് കേരള ലാൻഡ് റെക്കോർഡ്സ് മോഡണൈസേഷൻ മിഷൻ (KLRMM) രൂപീകരിച്ചിട്ടുണ്ട്. അത്യാധുനിക മാർഗ്ഗങ്ങൾ അവലംബിച്ച് ഡിജിറ്റൽ റീസർവ്വേ നടപ്പാക്കുക, ഭൂരേഖ കമ്പ്യൂട്ടർവത്കരണ മുൾപ്പെടെയുള്ള ജോലികൾ ഏകോപിപ്പിക്കുക, കൂടാതെ, റവന്യൂ രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകളുടെ പ്രവർത്തനങ്ങൾ വെബ് അധിഷ്ഠിതമായി ഏകോപിപ്പിച്ച് ഭൂമിസംബന്ധമായ ഇടപാടുകളെല്ലാം |

| | | | |
|---|---|---|---|
| | | | ഓൺലൈനാക്കുക തുടങ്ങിയവയാണ് കേരള ലാൻഡ് റെക്കോർഡ്സ് മോഡേണൈസേഷൻ മിഷൻ ലക്ഷ്യമിടുന്നത്. |
| (സി) | സംസ്ഥാനത്ത് എല്ലാ വില്ലേജുകളിലെയും ഭൂവിവരങ്ങൾ ഡിജിറ്റൈസ് ചെയ്ത് ഓൺലൈനായി ലഭ്യമാക്കാനായുള്ള പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ; | (സി) | നിലവിൽ സംസ്ഥാനത്തെ 1664 വില്ലേജുകളിലെ 1654 വില്ലേജുകളിലെയും അടിസ്ഥാന ഭൂനികുതി രജിസ്റ്ററുകൾ ഡാറ്റാ എൻട്രി ചെയ്ത് ഓൺലൈനാക്കിയിട്ടുണ്ട്. ബാക്കി നിൽക്കുന്ന 10 വില്ലേജുകൾ ഓൺലൈൻ ആക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കൂടാതെ സർവെയും ഭൂരേഖയും വകുപ്പിൽ ലഭ്യമായ എല്ലാ സർവെ റിക്കാർഡുകളും സ്കാൻ ചെയ്ത് ഓൺലൈൻ സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിലേക്കായി "ഇരേഖ" എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 16/06/2016 മുതൽ www.erekha.kerala.gov.in എന്ന വെബ് പോർട്ടലിൽ സ്കാൻ ചെയ്ത് വിവരങ്ങൾ നൽകി വരുന്നു.<br>ടി പദ്ധതിയുടെ കീഴിൽ സെറ്റിൽമെന്റ് രജിസ്റ്റർ അടക്കമുള്ള 3,99,999 മുൻ സർവെ റിക്കാർഡുകൾ കൺസർവേഷൻ ചെയ്യുകയും 3,72,072 റിക്കാർഡുകളുടെ സ്കാനിംഗ് പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 838 വില്ലേജുകളുടെ റീസർവെ എഫ്.എം.ബി കളുടെയും, 792 വില്ലേജുകളുടെ ബ്ലോക്ക് മാപ്പുകളുടെയും, 200 വില്ലേജുകളുടെ ലാൻഡ് രജിസ്റ്ററുകളുടെയും സ്കാനിംഗ് ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്.<br>നിലവിൽ 813 വില്ലേജുകളുടെ എഫ്.എം.ബി കൾ www.erekha.kerala.gov.in എന്ന വെബ് പോർട്ടലിൽ നൽകിയിട്ടുള്ളതും ഇത് പൊതു ജനങ്ങൾക്ക് സൗജന്യമായി കാണുന്നതിനും ഓൺലൈനായി (ഇ-റെമിറ്റൻസ് വഴി) പണമടച്ച് അവ കൈപ്പറ്റുന്നതിനുമുള്ള സൗകര്യം പ്രസ്തുത പോർട്ടലിൽ നൽകിയിട്ടുണ്ട്. കൂടുതൽ റിക്കാർഡുകൾ ഓൺലൈൻ സംവിധാനത്തിലൂടെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ഡി) | രേഖകളുടെ കൃത്യതയ്ക്കും തർക്കങ്ങൾ ഒഴിവാക്കുന്നതിനും റീസർവ്വേ അനിവാര്യമായതിനാൽ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ഡിജിറ്റൽ സർവ്വേ എത്ര വില്ലേജുകളിൽ പൂർത്തിയായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 907 വില്ലേജുകളുടെ റീസർവ്വെ പൂർത്തിയായിട്ടുണ്ട്. ഇവയിൽ 86 വില്ലേജുകളുടെ റീസർവ്വെ ആധുനിക സർവ്വെ ഉപകരണങ്ങളായ ETS, GPS എന്നീ സർവ്വെ ഉപകരണങ്ങൾ ഉപയോഗിച്ച് ഭാഗികമായി ഡിജിറ്റൽ സർവ്വെ ചെയ്തിട്ടുള്ളവയാണ്. ഭൂപരിപാലനം പൂർണ്ണമായും ഡിജിറ്റൽ രീതിയിൽ ഓൺലൈൻ സംവിധാനത്തിലൂടെ നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ